No.CEE/3321/2012/NEET 2013/TA1

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

## <u>വിജ്ഞാപനം</u>

## എം.ബി.ബി.എസ് /ബി.ഡി.എസ് പ്രവേശനം 2013
## താത്കാലിക മുൻഗണനാ ലിസ്റ്റും കാറ്റഗറി ലിസ്റ്റുകളും പ്രസിദ്ധീകരിച്ചു.

2013 ലെ MBBS / BDS കോഴ്സുകൾക്കുള്ള പ്രവേശനത്തിനായി നാഷണൽ എലിജിബിലിറ്റി കം എൻട്രൻസ് ടെസ്റ്റ് (UG) CBSE നടത്തുകയുണ്ടായി. കേരളത്തിൽ MBBS / BDS കോഴ്സുകൾക്ക് പ്രവേശനം ആഗ്രഹിക്കുന്നവർ NEET (UG) എഴുതി യോഗ്യത നേടണമെന്നും കേരളത്തിൽ ഈ കോഴ്സുകൾക്ക് സംസ്ഥാന സർക്കാർ പ്രവേശനം നടത്തുന്നത് NEET (UG) യുടെ കേരളാ സ്റ്റേറ്റ് റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിലായിരിക്കുമെന്നും കേരളത്തിൽ MBBS / BDS കോഴ്സുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്നവർ KEAM 2013ന്റെ അപേക്ഷയിൽത്തന്നെ പ്രവേശന പരീക്ഷാ കമ്മീഷണർക്കും അപേക്ഷ സമർപ്പിക്കണമെന്നും പ്രവേശന പരീക്ഷാ കമ്മീഷണർ 06.01.2013 ന് വിജ്ഞാപനം ചെയ്തിരുന്നു.

2013ലെ KEAM പ്രോസ്പെക്ടസ് പ്രകാരമുള്ള തദ്ദേശീയത (Nativity)യും മറ്റ് സംവരണ വ്യവസ്ഥകളും പാലിക്കുന്നവർക്ക് മാത്രമാണ് കേരളത്തിലെ MBBS / BDS കോഴ്സുകളിലേയ്ക്ക് പ്രവേശനത്തിനും വിവിധ സംവരണാനുകൂല്യങ്ങൾക്കും അർഹതയുള്ളത്.

NEET (UG) 2013 ന്റെ അടിസ്ഥാനത്തിലുള്ള കേരളാ സ്റ്റേറ്റ് റാങ്ക് ലിസ്റ്റ് CBSE, പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികളിൽ നിന്ന് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച പ്രോസ്പെക്ടസിലെ നേറ്റിവിറ്റി വ്യവസ്ഥകൾ പാലിച്ചിട്ടുള്ളവരുടെ മുൻഗണനാ ക്രമത്തിലുള്ള താത്കാലിക ലിസ്റ്റും പ്രോസ്പെക്ടസിലെ വിവിധ കോഴ്സുകൾ പ്രകാരമുള്ള നിർദ്ദേശാനുസരണ സംവരണം (Mandatory Reservation), പ്രത്യേക സംവരണം (Special Reservation) തുടങ്ങിയ വിഭാഗങ്ങളിലേയ്ക്കുള്ള കാറ്റഗറി ലിസ്റ്റുകളും **www.cee-kerala.org, www.cee.kerala.gov.in** എന്നീ വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഇതു സംബന്ധിച്ച് എന്തെങ്കിലും പരാതി ഉണ്ടെങ്കിൽ അവ അതിനടിസ്ഥാനമായ രേഖകൾ സഹിതം **2013 ജൂലൈ 6- ാം തീയതി വൈകുന്നേരം 5 മണിക്ക്** മുൻപായി നേരിട്ടോ തപാൽ മുഖാന്തിരമോ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ എത്തിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുശേഷം ലഭിക്കുന്ന പരാതികൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

തിരുവനന്തപുരം

29.06.2013

**പ്രവേശന പരീക്ഷാ കമ്മീഷണർ**